## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6144 — 07.11.2016 ലെ മറുപടിയ്ക്ക്

## വളങ്ങളുടെയും കീടനാശിനികളുടേയും ഗുണനിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുകയും വില്പന നടത്തപ്പെടുകയും ചെയ്യുന്ന വളങ്ങൾ, കീടനാശിനികൾ എന്നിവ സർക്കാർ സംവിധാനം ഉപയോഗിച്ച് പരിശോധിയ്ക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വളം ഉല്പാദനം, വിതരണം, വില്പന എന്നിവയ്ക്കായി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വിതരണവും വില്പനയും നടത്തുന്ന രാസവളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ രണ്ട് രാസവള ഗുണനിലവാര പരിശോധനാ ശാലകൾ തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും ആയി പ്രവർത്തിച്ചു വരുന്നു.<br>സംസ്ഥാനത്ത് കീടനാശിനികളുടെ വിതരണവും വില്പനയും നടത്തുന്നതിന് ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വിതരണവും, വില്പനയും നടത്തുന്ന കീടനാശിനികളുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്ത് ഒരു കീടനാശിനി പരിശോധനാശാല പ്രവർത്തിക്കുന്നുണ്ട്.<br>ഓരോ വർഷവും ലാബോറട്ടറികളിൽ പരിശോധന നടത്താനായി ശേഖരിക്കേണ്ടതായ വളങ്ങളുടെയും. കീടനാശിനികളുടെയും സാമ്പിളുകളുടെ എണ്ണം എല്ലാ ജില്ലകൾക്കും കൃഷി ഡയറക്ടർ നിശ്ചയിച്ച് നൽകുകയും. അതാത് ജില്ലകളിൽ പ്രവർത്തിക്കുന്ന കൃഷി ആഫീസർമാർ ഫെർട്ടിലൈസർ ഇൻസ്പെക്ടർ/ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർ എന്ന നിലയിൽ, തങ്ങളുടെ അധികാര പരിധിയിൽ വരുന്ന ഡിപ്പോകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ലാബുകളിലേക്ക് അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| **(ബി)** | പരിശോധനയിൽ തുടർ കൃഷിയ്ക്കും മണ്ണിനും ദോഷകരമായ വളങ്ങളും കീടനാശിനികളും വിതരണം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | **(ബി) & (സി)** | സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന രാസവളങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച മാനദണ്ഡങ്ങൾ, FCO 1985 പ്രകാരം വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. നിശ്ചിത മാനദണ്ഡങ്ങൾ പുലർത്താത്ത രാസവള ഉല്പാദന / വിതരണ / വില്പനക്കാർക്കെതിരെ FCO 1985 അനുശാസിക്കുന്ന പ്രകാരമുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.<br>ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരമാണ് കീടനാശിനികളുടെ ഗുണമേന്മ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്ത കീടനാശിനി ഉല്പാദന / വിതരണ / വില്പനക്കാർക്കെതിരെ ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>അംഗീകൃത രാസവളങ്ങളുടെയും കീടനാശിനികളുടെയും ശാസ്ത്രീയമായ ഉപയോഗം മണ്ണിനും തുടർകൃഷിയ്ക്കും ദോഷകരമല്ലെങ്കിലും ഇവയുടെ തുടർച്ചയായ ഉപയോഗം മണ്ണിന്റെ ഘടനയ്ക്കും ഭൗതിക സ്വഭാവങ്ങൾക്കും സാരമായ വ്യതിയാനം സൃഷ്ടിക്കുകയും അത് മണ്ണിനും തുടർകൃഷിയ്ക്കും ദോഷകരമായി മാറുകയും ചെയ്യുമെന്ന് പൊതുവിലയിരുത്തൽ നിലനിൽക്കുന്നുണ്ട്. ഇതുകൂടി കണക്കിലെടുത്താണ് സംസ്ഥാനത്ത് , മാരകങ്ങളായ 17 കീടനാശിനികളുടെ വിതരണവും വില്പനയും ഉപയോഗവും നിരോധിക്കുകയും വിഷവീര്യം കൂടിയ 7 കീടനാശിനികളുടെ ഉപയോഗം നിയന്ത്രണവിധേയമാക്കുകയും ചെയ്തിട്ടുണ്ട്. |
| **(സി)** | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ